## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3717 — 30.01.2014 ൽ മറുപടിയ്ക്ക്

### പുരയിടങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനത്തിന് പുറത്തുള്ള പുരയിടങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്.<br>1.സംസ്ഥാനത്തെ തനത് ഭക്ഷ്യവിളകൾ, വളർത്തുമൃഗങ്ങൾ എന്നിവയുടെ ജനുസ്സുകൾ സംരക്ഷിക്കാൻ സംസ്ഥാന ജൈവ വൈവിധ്യബോർഡിനു പദ്ധതികളുണ്ട്.<br>2.കാവുകളും കണ്ടൽക്കാടുകളും സംരക്ഷിക്കാൻ വനംവകുപ്പ് പദ്ധതികൾ നടപ്പാക്കുന്നുണ്ട്.<br>3.ജൈവവൈവിധ്യ പ്രാധാന്യമുള്ള ആവാസവ്യവസ്ഥകൾ സംരക്ഷിക്കാൻ നിയമാനുസൃത 'ബയോഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റുകൾ' നിർണ്ണയിച്ച് സംരക്ഷിക്കാൻ ജൈവവൈവിധ്യ ബോർഡ് നടപടിയെടുക്കുന്നുണ്ട്.<br>4. സ്വന്തം ഭൂമിയിൽ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾക്ക് പ്രോൽസാഹനം നല്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വനേതര ജൈവവൈവിധ്യം അതാതിടങ്ങളിൽ സംരക്ഷിക്കപ്പെടുക എന്നതാണ് ഉദ്ദേശം.സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, വനം വകുപ്പ്, ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുന്ന സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയാണ് ഈ പദ്ധതി അവരവരുടെ വാർഷിക പദ്ധതികളുടെയും സ്ഥാപന ഉദ്ദേശത്തിന്റെയും ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസി കളുടെ സഹായത്തോ ടെയാണ് പദ്ധതി നട പ്പാക്കുന്നത്; വിശദമാ ക്കുമോ? | (സി) | വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി, കുടുംബശ്രീ യൂണിറ്റുകൾ സ്വയംസഹായ സംഘ ങ്ങൾ, കർഷക സഹകരണ സംഘങ്ങൾ, സർക്കാരിതര സന്നദ്ധ സംഘടനകൾ എന്നീ ഏജൻസികളുടെ സഹായത്തോ ടെയാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ